(ഡി) ചാർജ് മെമ്മോ കൈപ്പറ്റിയതിനുശേഷം പ്രതിവാദ പത്രികയും മെമ്മോ കൈപ്പറ്റിയതിന്റെ രേഖയും കാലതാമസം കൂടാതെ സർക്കാരിന് അയച്ചുതരുന്നതിൽ കുറ്റാരോപിത ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന അനാസ്ഥയാണ് പ്രധാനമായും അന്തിമതീരുമാനം എടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നത്. എങ്കിൽപോലും തീരെ ഗുരുതരമല്ലാത്ത ഒരുപാട് കാലതാമസം വരുത്തിയ കേസുകളിൽ കുറ്റം ആരോപിക്കപ്പെട്ട ഓഫീസർമാർക്ക് ഹിയറിംഗ് നൽകിയതിനുശേഷം ശിക്ഷിക്കുകയും, കുറ്റവിമുക്തരാക്കുകയോ ആണ് ചെയ്തുവരുന്നത്.

(ഇ & എഫ്) തൃപ്തികരമായ മറുപടി നൽകിയവരുടെ കാര്യത്തിൽ എം.ഡി.പി. യിലും കെ.സി.എസ്സ്. (സി.സി.& എ) റൂൾസ് 1960-ലും നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമം പാലിച്ച് എത്രയും വേഗം അന്തിമതീരുമാനം എടുത്തിട്ടുണ്ട്. പ്രതിവാദ പത്രികയും ചാർജ് മെമ്മോ കൈപ്പറ്റിയതിന്റെ കോപ്പിയും ട്രാസ്പോർട്ട് കമ്മീഷ്ണർ വഴി സർക്കാരിൽ ലഭിക്കുന്നതിനുള്ള കാലതാമസമാണ് അന്തിമ തീരുമാനം എടുക്കുന്നതിന് വിലങ്ങുതടിയായിട്ടുള്ളത്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് ഓടുന്ന അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

92 (4252) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത എത്ര വാഹനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് സ്ഥിരം ഓടുന്ന വാഹനങ്ങൾ ഇവിടെ റീ-രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അന്യസംസ്ഥാനത്ത് രജിസ്റ്റർചെയ്ത അത്തരം വാഹനങ്ങൾ സംസ്ഥാനത്ത് ഓടുന്നത് തടയുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വ്യക്തമായ കണക്കുകൾ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമല്ല.

(ബി) കേന്ദ്ര മോട്ടോർ വാഹന നിയമം '49' അനുസരിച്ച് ഒരു വാഹന ഉടമ താമസ സ്ഥലമോ, വ്യാപാര സ്ഥലമോ മാറിയാൽ, ഇക്കാര്യം 30 ദിവസത്തിനകം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റിയെ അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം 47 അനുസരിച്ച് 12 മാസത്തിൽ കൂടുതൽ മറ്റു സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനം കേരളത്തിൽ ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ നിയമം ലംഘിക്കുന്ന വാഹന ഉടമകൾക്കെതിരെ കേന്ദ്ര മോട്ടോർ വാഹന നിയമം 177-ൽ

LIBRARY ARCHIVES Kerala Legislative Assembly

അനുശിസിക്കുന്ന പ്രകാരം പിഴ ചുമത്താവുന്നതാണ്. ഈ നിയമങ്ങൾ പ്രകാരം കേരളത്തിൽ സ്ഥിരമായി ഓടുന്ന വാഹന ഉടമകളിൽ നിന്നും അപേക്ഷ കിട്ടുന്ന മുറയ്ക്ക് ഇവിടെ രജിസ്റ്റർ ചെയ്ത് കൊടുക്കുന്നുണ്ട്.

(സി) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനം സംസ്ഥാനത്ത് സ്ഥിരമായി ഓടുന്നുവെന്ന് പരിശോധനയിൽ കണ്ടുപിടിച്ചാൽ മോട്ടോർ വാഹന നിയമം 177 അനുസരിച്ച് പിഴ ചുമത്തുന്നതും, പിഴ ഉൾപ്പെടെ വാഹന നികുതിയും വസൂലാക്കുന്നതാണ്.

ഇൻഷ്വറൻസ് കമ്പനികൾ വാഹനങ്ങൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് നൽകാൻ വിമുഖത കാണിക്കുന്നതിനെതിരെ നടപടി

93 (4253) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇൻഷ്വറൻസ് കമ്പനികൾ വാഹനങ്ങൾക്ക് 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' നൽകാൻ വിമുഖത കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രവണത നിർത്തലാക്കാൻ എന്ത് നടപടികൾ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' ഈ കമ്പനികൾ അമിതമായി കൂട്ടിയതിനെതിരെയുള്ള വിവിധ കേസുകളിലൂടെയുള്ള ഹൈക്കോടതി നിർദ്ദേശപ്രകാരം എത്ര തുക കുറച്ചുവെന്നും ഇവ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ;

(ഡി) നിലവിൽ ഓരോ വാഹനങ്ങൾക്കും എത്ര തുക വീതമാണ് ഇൻഷ്വറൻസ് കമ്പനികൾ 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' നായി വാങ്ങുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇൻഷ്വറൻസ് പ്രീമിയം 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' ന് വാങ്ങുന്നത് മറ്റു സംസ്ഥാനങ്ങളേക്കാൾ കേരള സംസ്ഥാനത്തിന് ഇപ്പോൾ കൂടുതലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) എങ്കിൽ മറ്റ് സംസ്ഥാനങ്ങൾക്ക് തുല്യമായ തുക മാത്രം 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' ന് സംസ്ഥാനത്തുനിന്നും ഇൻഷ്വറൻസ് കമ്പനികൾ പിരിക്കാനായി നിയമമുണ്ടാക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ജി) ഉപഭോക്താക്കളിൽ നിന്നും കൂടുതലായി വാങ്ങിയ ഇൻഷ്വറൻസ് തുക തിരികെ നൽകാൻ എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly